**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 223** — **23-08-2022 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലി രോഗനിർണ്ണയവും നിയന്ത്രണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ജീവിതശൈലീരോഗങ്ങൾ വേഗത്തിൽ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടേയും ജീവിതശൈലീരോഗങ്ങളെ കുറിച്ചും അതിലേക്ക് നയിക്കുന്ന കാരണങ്ങളെ കുറിച്ചുമുള്ള ആരോഗ്യ വിവരശേഖരണം നടത്തുന്നതിനും, ജീവിതശൈലീ രോഗപരിശോധനയും ചികിത്സയും നടത്തുന്നതിനും ഒരു ബൃഹദ് ക്യാമ്പയിൻ ആരോഗ്യവകുപ്പ് ആരംഭിക്കുകയുണ്ടായി. 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന് നാമകരണം ചെയ്ത ഈ ക്യാമ്പയിൻ തുടക്കത്തിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു പഞ്ചായത്തിലാണ് നടപ്പിലാക്കുന്നത്. ആശ പ്രവർത്തകർ, ഭവനസന്ദർശനം നടത്തി ഓരോ വീട്ടുകളിലെയും 30 വയസിനു മുകളിൽ പ്രായമുള്ള ജനങ്ങളുടെ വിവരശേഖരണം നടത്തി അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് അനുസൃതമായ പരിശോധനകൾക്ക് അവരെ അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ വിവരശേഖരണത്തിനായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ചു വരുന്നത്. ഇത് തൽസമയം തന്നെ അതാത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഡാഷ് ബോർഡിലൂടെ നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്.<br><br>ജീവിതശൈലി രോഗമുള്ള വ്യക്തികളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്യുന്നതിലൂടെ പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, ക്യാൻസറുകൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | സാധ്യമാകുന്നു. ഇതിനു പുറമേ ജീവിതശൈലീ രോഗ നിയന്ത്രണത്തിനായുള്ള 'അമൃതം ആരോഗ്യം' പദ്ധതിയിലൂടെ ഗുരുതര ശ്വാസകോശ രോഗമായ COPD കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രമേഹ രോഗികൾക്ക് ഉണ്ടാവാൻ സാധ്യതയുള്ള ഡയബറ്റിക് റെറ്റിനോപ്പതി രോഗം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും 'നയനാമൃതം' എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെൻറർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെൻറർ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയത്തിനും, അതിന്റെ തുടർചികിത്സയ്ക്കുമായുള്ള എൻ സി ഡി ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും മുടങ്ങാതെ നടന്നു വരുന്നു. ജീവിത ശൈലീ രോഗങ്ങൾ മുഖേനയുണ്ടാകുന്ന സങ്കീർണ്ണതകളെ വേഗത്തിൽ കണ്ടെത്താനായി ഈ ക്ലിനിക്കുകളിൽ നിന്ന് രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റെഫർ ചെയ്യുകയും തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു വരുന്നു.<br><br>ഒ.പി, ഐ.പി ക്ലിനിക്ക് വഴി രോഗം കണ്ടുപിടിക്കൽ, ചികിത്സ ലഭ്യമാക്കൽ ICU, Ventilator Care, Specialist care എന്നിവ വേണ്ടവർക്ക് അത്തരം ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒ.പിയിൽ വരുന്നവരിൽ ജീവിത ശൈലി രോഗ സാധ്യത കൂടിയവരെ കണ്ടെത്തുകയും വേണ്ട ബോധവൽക്കരണം, സ്ക്രീനിംഗ്, prevention എന്നിവ നടത്തി വരുന്നു. Patient care സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ